**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3777** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പാക്കിക്കൊണ്ടുള്ള 31.10.2019-ലെ 12/2019/സാ.നീ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ എന്നുമുതലാണ് നടപ്പാക്കി തുടങ്ങിയത്; വിശദമാക്കുമോ; | (എ) | 31.10.2019-ലെ 12/2019/സാ.നീ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കെ എസ് ആൻഡ് എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ബി) | പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് നിലവിലുള്ള നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ വിവിധ ടേണുകൾ എപ്രകാരമാണെന്ന് വിശദമാക്കമോ; | (ബി) | നിലവിലുള്ള 3% ഭിന്നശേഷി സംവരണ വ്യവസ്ഥയിൽ 1, 34, 67 എന്നിങ്ങനെ ഔട്ട് ഓഫ് ടേൺ ആയിട്ടാണ് സംവരണം നൽകുന്നത്. |
| (സി) | നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ നൂറ് പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ വിവിധ ടേണുകളിൽ എപ്രകാരമാണ് മാറ്റം വരുകയെന്ന് വിശദമാക്കാമോ; | (സി) | കെ എസ് ആൻഡ് എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ഡി) | ഭിന്നശേഷിക്കാർക്കുള്ള സംവരണം നാല് ശതമാനമായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനനുസൃതമായി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കെ എസ് ആൻഡ് എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ